# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 536
## 29.05.2019- ലെ മറുപടിക്ക്

### സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല | | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകൾ വിശദമാക്കാമോ; | ഉണ്ട്. നിലവിലുണ്ടായിരുന്ന സേവന നിരക്കുകളിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) | 2019-20 സാമ്പത്തിക വർഷം സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | 2019-20-ലെ ബജറ്റ് പ്രസംഗത്തിന്റെ 298 ഇനമായി വിവിധ വകുപ്പുകൾ നല്കുന്ന സേവനങ്ങൾക്കുള്ള ചാർജ്ജുകളും ഫീസുകളും അഞ്ച് ശതമാനം ഉയർത്തുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. 08.03.2019-ലെ സ.ഉ (അച്ചടി) 28/2019/ധന പ്രകാരം 01.04.2019 മുതൽ പ്രാബല്യം നല്കി എല്ലാ സേവന നിരക്കുകളിലും 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | സർക്കാർ സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിക്കാൻ ഏതെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ? | സർക്കാർ വകുപ്പുകൾ വഴി നല്കി വരുന്ന വിവിധ സേവനങ്ങൾക്ക് 2018 - ൽ നിലവിലുണ്ടായിരുന്ന നിരക്കുകൾ 2012 - ലും 2014 - ലുമായി പുതുക്കി നിശ്ചയിച്ചവയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കാലാനുസൃതമായി സേവന നിരക്കുകൾ പരിഷ്കരിക്കേണ്ടത് അനിവാര്യമായതിനാലുമാണ് നിരക്ക് വർദ്ധന പ്രാബല്യത്തിൽ വരുത്തിയത്. |

സെക്ഷൻ ഓഫീസർ